Draft #1 of File 40578/AD C1-3/2024/AD C 1 Approved by ASSISTANT REGISTRAR IV (ADMIN) on 30-Jul-2025 03:41 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെത്തുടർന്ന് മൂന്ന്, നാല് ഹയർ ഗ്രേഡുകൾ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക്, ഓഡിറ്റ് പരാമർശങ്ങൾ നിലനിൽക്കുന്ന പശ്ചാത്തലത്തിൽ വാർഷിക വേതന വർദ്ധനവ് അനുവദിക്കുന്നത് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം സി 1 സെക്ഷൻ**

നമ്പർ. 7099/AD C 1/2025/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 31.07.2025

---

*പരാമർശം:*-1) കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം ജോയിന്റ് ഡയറക്ടറുടെ വിവിധ തീയതികളിലെ കത്തുകൾ

2) എ ഡി എ 3 സെക്ഷന്റെ 15.04.2024 തീയതിയിലെ കുറിപ്പ് നം 36353/AD A3-1/2024/AD A3

3) MGU DDFS ഫയൽ നം 40578/AD C1-3/2024/AD C 1ൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ 19.07.2025 തീയതിയിൽ ഉത്തരവായത്.

**<u>ഉത്തരവ്</u>**

പ്യൂൺ (നിലവിൽ ഓഫിസ് അറ്റൻഡന്റ്) തസ്തികയിൽ നിന്നും ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സേവന കാലയളവ് കൂടി കണക്കിലെടുത്തുകൊണ്ട് ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ മൂന്ന്, നാല് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചതും ശമ്പളം നിർണയിച്ചതും ക്രമവിരുദ്ധമാണെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയിരുന്നു. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഓഫിസ് അറ്റൻഡന്റ് തസ്തികയുടെ direct line of promotion ആയിട്ടാണ് മഹാത്മാഗാന്ധി സർവ്വകലാശാലാ ഓർഡിനൻസ് 2023-ൽ വിഭാവനം ചെയ്തിട്ടുള്ളതെന്നും ആയത് ബഹു. ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ടി വിഷയത്തിൽ ബഹു. ചാൻസലറുടെ തുടർ തീരുമാനം വരുന്നത് വരെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച നടപടിയിൽ തൽസ്ഥിതി തുടരുന്നതിന് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിഷയം കേരള സംസ്ഥാന ഓഡിറ്റ് വിഭാഗത്തെ അറിയിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ ഓർഡിനൻസ് 2023-ന്റെ കരടിന്മേൽ ബഹു. ചാൻസലറുടെ തീരുമാനം വരുന്നതുവരെ, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന്, മൂന്ന്, നാല് ഹയർ ഗ്രേഡുകൾ

ലഭിക്കുകയും, ഓഡിറ്റ് പരാമർശം നിലനിൽക്കുകയും ചെയ്യുന്ന എല്ലാ ജീവനക്കാർക്കും, അർഹതപ്പെട്ട വാർഷിക വേതന വർദ്ധനവുകൾ വെവ്വേറെ ഉത്തരവുകളില്ലാതെതന്നെ അനുവദിക്കുവാൻ പരാമർശം (3) പ്രകാരം അനുമതി നൽകിക്കൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിന്ദു കെ പാഴൂർ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ബന്ധപ്പെട്ട ജീവനക്കാർ
2) വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
3) രജിസ്ട്രാർ/പരീക്ഷ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4) അസിസ്റ്റന്റ് രജിസ്ട്രാർ III (ഫിനാൻസ്)
5) എ ഡി എ 1വിഭാഗം / എ ഡി എ 3 വിഭാഗം
6) ഫിനാൻസ് I/II വിഭാഗങ്ങൾ
7) ഫിനാൻസ് കമ്പ്യൂട്ടർ സെൽ /PFMS വിഭാഗം
8) പി ആർ ഒ/ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
9) റെക്കോർഡ്സ് വിഭാഗം/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി
10) ഐ ടി സെൽ / യൂണിവേഴ്സിറ്റി വെബ്സൈറ്റ് /IQAC

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 40578/AD C1-3/2024/AD C 1 Approved by ASSISTANT REGISTRAR IV (ADMIN) on 30-Jul-2025 03:41 PM - Page 2